# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## കോഴിക്കോട് ജില്ല

## പന്തലായനി ബ്ലോക്ക്

## അത്തോളി പഞ്ചായത്ത്

## വാർഡ് 2 കൂമുള്ളി, മൊടക്കല്ലൂർ, ആലിൻചുവട്

**തീയതി:28/10/2019**

**സ്ഥലം:കൂമുള്ളി വായനശാല**

**സമയം:3.30pm**

**ആമുഖം**

ഗ്രാമീണ  ജനതയുടെ ഉയർച്ചയ്ക്കായി ആവിഷ്കരിച്ച സുപ്രധാനവും ശക്തവുമായ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിക്കാനായി ഇന്ത്യൻ പാർലമെൻറ് അംഗീകരിച്ച പ്രസിഡണ്ട് ഒപ്പുവെച്ച 2005 സെപ്റ്റംബർ 5 മുതൽ ഈ നിയമം നിലവിൽ വന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻറെ പ്രാഥമിക ലക്ഷ്യം ഒരു ഗ്രാമീണ കുടുംബത്തിനും നിയമംവഴി ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പുനൽകുകയും എന്നതാണ്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിനും അതിലൂടെ ദാരിദ്ര ലഘൂകരണവും സുസ്ഥിര വികസനവും ആണ് ഈ നിയമത്തിലെ പ്രധാന ലക്ഷ്യം.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി തൊഴിലുറപ്പ് ബന്ധപ്പെടുത്തി കാർഷിക പദ്ധതികൾ ജനങ്ങളിലെത്തിക്കൽ, കാർഷികോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ, തരിശുഭൂമികളിലും സ്വകാര്യ ഭൂമിയിലും പൊതുസ്ഥാപനങ്ങളിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ, എന്നിവ നടത്തിവരുന്നു. പഞ്ചായത്തിലെ വിവിധ തോടുകളിൽ  കുളങ്ങൾ, മഴക്കുഴി , കയ്യാല നിർമാണം, കിണർ റീചാർജ്ജിങ് തുടങ്ങിയവഴി ജലസംരക്ഷണവും ഉറപ്പുവരുത്തുന്നു. ഇങ്ങനെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായ ജനങ്ങൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നു.

നിയമമനുസരിച്ചുള്ള പദ്ധതി നിർവഹണത്തിലൂടെ ഗ്രാമീണമേഖലയുടെ സുസ്ഥിര ആസ്തി വികസനം എന്നതാണ് ലക്ഷ്യം വെക്കുന്നത്. 2005-ൽ പ്രാബല്യത്തിൽ വന്ന നിയമമനുസരിച്ച് ഇന്ത്യയിലെ 200 ജില്ലകളിൽ പ്രഥമഘട്ടത്തിൽ നടപ്പിലാക്കുകയും 2008-ൽ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് കോഴിക്കോട്  ജില്ലയിലും പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുകയും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

**അത്തോളി പഞ്ചായത്ത്**

കോഴിക്കോട് ജില്ലയിൽ പന്തലായിനി ബ്ലോക്കിൽ ഉൾപ്പെടുന്ന അത്തോളി ഗ്രാമപഞ്ചായത്ത് തീരദേശ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. കോരപ്പുഴയുടെ കിഴക്കുഭാഗത്തായി 21.06 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉള്ളതും ജനസാന്ദ്രത കൂടിയതുമായ ഒരു പഞ്ചായത്താണ് അത്തോളി. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ 2008മുതൽ ആരംഭിച്ച പഞ്ചായത്ത് പ്രശംസനീയമായ തരത്തിൽ നടപ്പാക്കി വരുന്നു. അത്തോളി ഗ്രാമപഞ്ചായത്ത് ആദ്യം ബാലുശ്ശേരി ബ്ലോക്കിന് കീഴിലായിരുന്നു 2010 മുതലാണ് പന്തലായനി ബ്ലോക്ക് അധീനതയിലായത്.28213 ജനങ്ങളാണ് പഞ്ചായത്തിൽ  താമസിക്കുന്നത് 16.5 ശതമാനം പട്ടികജാതി വിഭാഗക്കാരാണ്.13061 പുരുഷന്മാരും 15152 സ്ത്രീകളുമുണ്ട്. അത്തോളി പഞ്ചായത്തിൻറെ അതിർത്തി പ്രദേശങ്ങളാണ് ബാലുശ്ശേരി ,നന്മണ്ട, ഉള്ളിയേരി പഞ്ചായത്തുകൾ. ആകെ  17 വാർഡാണ് പഞ്ചായത്തിൻറെ കീഴിലുള്ളത് മൊടക്കല്ലൂർ, കൂമുള്ളി, കണ്ണിപ്പൊയിൽ, കോതകൽ, കൊടശ്ശേരി , പൂക്കോട് , അത്തോളികാവ് ,അത്താണി, കൊങ്ങന്നൂർ ഈസ്റ്റ്, കുനിയിൽ കടവ്, കൊങ്ങന്നൂർ അത്തോളി,കോട്ടക്കൽ, വേളൂർ, വേളൂർ വെസ്റ്റ്  . അത്തോളി ഗ്രാമ പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രസിഡണ്ട് ചിറ്റൂർ രവീന്ദ്രനും സെക്രട്ടറി എൻ പ്രദീപിനും ആണ്. ജനങ്ങളുടെ ഉപജീവന മാർഗ്ഗം

കൃഷിയും മത്സ്യബന്ധനവും ആണ് തീരപ്രദേശമായതുകൊണ്ടുതന്നെ ചകിരി വ്യവസായം വളരെ പ്രധാന തൊഴിൽ മേഖലയാണ് എന്നാൽ ഇപ്പോൾ ചകിരി വ്യവസായം പ്രതിസന്ധി ഘട്ടത്തിലാണ് .അത്തോളി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ഒരു പ്രധാന നദിയാണ് കോരപ്പുഴ. മലബാർ

മെഡിക്കൽ കോളേജ് അത്തോളി സഹകരണ ആശുപത്രി എന്നിവ ആരോഗ്യ രംഗത്തെ പ്രമുഖ സ്ഥാപനങ്ങളാണ്. ഏകദേശം 40 ശതമാനം കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്ന പഞ്ചായത്തിൽ ദാരിദ്രലഘൂകരണ പ്രവർത്തനങ്ങളുടെയും സ്ത്രീ ശാക്തീകരണത്തിനും ഭാഗമായി 333 ലെറെ കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അഞ്ച് വനിതാ സംഘങ്ങളും 25 തൊഴിലാളികൾ ഉൾപ്പെട്ട വനിത ഖാദി നൂൽനൂൽപ്പ് കേന്ദ്രവും പഞ്ചായത്തിലുണ്ട് .വ്യാവസായിക

മേഖലയിൽ വൻ പ്രതീക്ഷ ഉയർത്തിയിരുന്നു കുന്നത്ത് ടെക്സ്റ്റ് അടഞ്ഞുകിടക്കുന്ന അവസ്ഥയിൽ ആണ്.ഭൂപ്രകൃതി അനുസരിച്ച് വടക്ക് മൊടക്കല്ലൂർ ചാലേടത്ത് പാറ റോഡ് തെക്ക് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പടിഞ്ഞാറ് ഉള്ളിയേരി പുതിയങ്ങാടി സംസ്ഥാന പാത കിഴക്ക് ബാലുശ്ശേരി നന്മണ്ട പഞ്ചായത്ത് എന്നിവയാണ് അതിർത്തി പ്രദേശങ്ങൾ.

**രണ്ടാം വാർഡ്**

രണ്ടാം വാർഡ് ഉൾപ്പെടുന്ന പ്രദേശങ്ങൾ മൊടക്കല്ലൂർ, കൂമുള്ളി,കുറുവാളൂർ, ആലിൻചുവട്. പഞ്ചായത്ത് പ്രസിഡണ്ട് ചിറ്റൂർ രവീന്ദ്രൻ ആണ് രണ്ടാം വാർഡ് മെമ്പർ. ആകെ ജനസംഖ്യ 2453,577 കുടുംബങ്ങൾ അതിൽ 122 ഹരിജൻ കുടുംബങ്ങൾ ഉണ്ട് 24 കുടുംബശ്രീയും മൂന്ന് അംഗൻവാടികളുമാണുള്ളത് മൊടക്കല്ലൂർ, കൂമുള്ളി , കുറുവാള്ളൂർ. വെളിയിലാടും മല ഹരിജൻ കോളനി കോട്ടയിൽ മീത്തൽ കോളനി എന്നീ രണ്ട് കോളനികളാണ് രണ്ടാം വാർഡിൽ ഉള്ളത്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | അത്തോളി ഗ്രാമപഞ്ചായത്ത് |
| വിസ്തീർണം | 21.06 |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | പന്തലായനി |
| താലൂക്ക് | കൊയിലാണ്ടി |
| ഉൾപ്പെടുന്ന വാർഡുകൾ | 17 |
| തൊഴിൽ കാർഡ് ഉടമകൾ | 2275 |
| സജിവ തൊഴിലാളികൾ | 2025 |
| നിഷ്ക്രിയ തൊഴിലാളികൾ | 250 |

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക്തലം | പഞ്ചായത്ത്തലം |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 83.05(ലക്ഷം ) | 540456 | 118382 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങൾ | 57.58 | 52.45 | 58.46 |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 38300 | 2578 | 853 |
| ആകെ തൊഴിൽ എടുത്ത കുടുംബങ്ങൾ | 1.44(ലക്ഷം ) | 9685 | 1975 |
| തൊഴിൽ എടുത്ത തൊഴിലാളികൾ | 1.6(ലക്ഷം ) | 10304 | 2025 |

**സവിശേഷതകൾ**

- ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളി ആവാം.
- സ്ത്രീക്കും പുരുഷനും തുല്യവേതനം.
- ആസൂത്രണത്തിലും നിർവ്വഹണ ത്തിലും തികഞ്ഞ സുതാര്യത.
- ബാങ്ക്, പോസ്റ്റ് ഓഫിസ് വഴിമാത്രം വേതന വിതരണം.
- പരാതി പരിഹാര സംവിധാനം.

**തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് ഉറപ്പ് നൽകുന്ന പത്ത് അവകാശങ്ങൾ**

1)തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം.

2)അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.

3)അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4)ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറാക്കുവാനുള്ള അവകാശം.

5)അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികം ലഭിക്കുവാനുള്ള അവകാശം.

6)കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം .

7)15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം.

8)വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുഉള്ള അവകാശം.

9)സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.

10)സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

**തൊഴിലുറപ്പിൽ ഏറ്റെടുത്ത് ചെയ്യാൻ പറ്റിയ പ്രവൃത്തികൾ**

- വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.
- വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ ഖണ്ഡിക 5ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം.
- വിഭാഗം സി: ദേശീയ ഗ്രാമീണ ഉപജീവന മിഷൻ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് പൊതു അടിസ്ഥാനസൗകര്യങ്ങൾ.
- വിഭാഗം ഡി: ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

**സോഷ്യൽ ഓഡിറ്റ്**

പൊതുസമൂഹം പദ്ധതി നിർവഹണത്തെ പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെക്കുറിച്ചും പരസ്യവും സ്വതന്ത്രവുമായ നടത്തുന്ന പരിശോധനയാണ് സാമൂഹ്യ ഓഡിറ്റ്. തൊഴിലുറപ്പ് നിയമം അനുശാസിക്കുന്നത് വർഷത്തിൽ എല്ലാ വാർഡിലും രണ്ട് പ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നിർബന്ധമായും നടത്തേണ്ടതാണ്. സുതാര്യത ഉറപ്പുവരുത്തി, അഴിമതിരഹിതമാക്കുകയും അതുവഴി സദ്ഭരണം സാധ്യമാക്കുന്നതിനും സോഷ്യൽ ഓഡിറ്റ് സമൂഹത്തെ പാകപ്പെടുത്തുന്നു.

പൊതുപണം ശരിയായ രീതിയിൽ വിനിയോഗിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോ എന്ന വിലയിരുത്തലും സോഷ്യൽ ഓഡിറ്റ് നടത്തുന്നു.

**സോഷ്യൽ ഓഡിറ്റ് പ്രക്രിയ**

1.പശ്ചാത്തലം ഒരുക്കൽ

ബ്ലോക്ക് തലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഓഫീസർ (BDO), പഞ്ചായത്ത് സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർ പ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

2. ഫയൽ പരിശോധന

സോഷ്യൽ ഓഡിറ്റ് പ്രക്രിയ ആരംഭിച്ചിരിക്കുന്ന തിയതിയ്ക്ക് മുൻപുള്ള ആറ് മാസക്കാലയളവിൽ വാർഡിലെ പ്രവൃത്തി ഫയലുകൾ, ഏഴ് രജിസ്റ്ററുകൾ, അതോടൊപ്പം അനുബന്ധരേഖകളും സൂക്ഷ്മപരിശോധന നടത്തുന്നു.

3. പ്രവൃത്തി സ്ഥലപരിശോധന

ഓരോ പ്രവൃത്തിയും എസ്റ്റിമേറ്റിൽ പ്രതിപാദിക്കുന്ന അളവിലും ഗുണത്തിലും നടപ്പിലാക്കിയിട്ടുണ്ടോ എന്നും ആ പ്രവൃത്തിയുടെ ഗുണ ഫലത്തിന്റെ വ്യാപ്തി തിട്ടപ്പെടുത്തുകയും പ്രസ്തുത തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നും പ്രവൃത്തി സ്ഥല പരിശോധനയിലൂടെ ലക്ഷ്യം വെക്കുന്നു.

4. വീടുവീടാന്തരം ഉള്ള വിവരശേഖരണം

പദ്ധതി ഗുണഭോക്താക്കളുടെ വീടുവീടാന്തരം ചെന്ന് നേരിൽ കണ്ട് പദ്ധതിയുടെ നിർവഹണത്തെക്കുറിച്ചും ഗുണ ഫലത്തെക്കുറിച്ചുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നു.

5. തെളിവ് ശേഖരണം

ഫയൽ പരിശോധന, പ്രവൃത്തി സ്ഥല പരിശോധന, വീടുവീടാന്തരം ഉള്ള വിവരശേഖരണം തുടങ്ങിയ ഓഡിറ്റ് പ്രക്രിയ കണ്ടെത്തലുകളുടെ വസ്തുനിഷ്ഠമായ തെളിവ് ശേഖരണം നടത്തുന്നു.

6. സാമൂഹ്യ ബോധവൽക്കരണം

സാമൂഹ്യ ഇടപെടലുകളിലൂടെ പദ്ധതി വിജയം ഉറപ്പു വരുത്തി പൗരാവബോധം ഉയർത്തുകയും സോഷ്യൽ ഓഡിറ്റ് പ്രക്രിയ വിജയിപ്പിക്കുകയും ചെയ്യുന്നതിന് ആവശ്യമായ ബോധവൽക്കരണം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

7. റിപ്പോർട്ട് തയ്യാറാക്കൽ

സോഷ്യൽ ഓഡിറ്റ് പ്രക്രിയയിലെ കണ്ടെത്തലുകളും നിഗമനങ്ങളും, നിർദ്ദേശങ്ങളും സോഷ്യൽ

ഓഡിറ്റ് ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകാരം നടത്തുന്നതിനാവശ്യമായ കരട് റിപ്പോർട്ട് തയ്യാറാക്കുന്നു.

8. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

പശ്ചാത്തലം ഒരുക്കൽ ചർച്ചയിൽ നിശ്ചയിക്കപ്പെട്ട ദിനത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഗ്രാമസഭ ചേർന്ന് കരട് റിപ്പോർട്ട് അവതരണവും, ചർച്ചയും, നിർദ്ദേശങ്ങളും, തിരുത്തൽ പ്രക്രിയകളും, അംഗീകാരം നേടിയെടുക്കുകയും തുടർനടപടികളും കൈകൊള്ളുന്നു.

**സോഷ്യൽ ഓഡിറ്റിംഗ് ഭാഗമായി 12 ഫയലുകളാണ് രണ്ടാം വാർഡിൽ ഞങ്ങൾ പരിശോധിച്ചത്,അതിൽ നിന്നും മനസ്സിലായ കാര്യങ്ങൾ താഴെ കൊടുക്കുന്നു.**

1.പ്രവർത്തിയുടെ പേര്: വിഭാഗം എ കനാൽ നവീകരണ പ്രവർത്തനം ഘട്ടം മൂന്ന്.

*പ്രവർത്തിയുടെ കോഡ്:1604008002/IC/21567

*പ്രവർത്തി തുടങ്ങിയ ദിവസം:18/12/2018

*പണി അവസാനിച്ച ദിവസം: 4/2/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക:109360

*ബില്ലിലെ തുക:105557

* തൊഴിൽ ദിനം: 377

*എ. സ് നമ്പർ &തിയ്യതി :12/2&21/11/2018

*ടി. സ് നമ്പർ &തിയ്യതി :219/1, &22/11/2018

2.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തി. ഘട്ടം മൂന്ന്.

*പ്രവർത്തിയുടെ കോഡ്:IC 293003

*പ്രവർത്തി തുടങ്ങിയ ദിവസം:14/6/2018

* പണി അവസാനിച്ച ദിവസം: 3/10/2018

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:409485

*തൊഴിൽ ദിനം:1483

*എ. സ് നമ്പർ &തിയ്യതി :01&1/1/2018

*ടി. സ് നമ്പർ &തിയ്യതി :67, &30/5/2018

3.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തി. ഘട്ടം 8

*പ്രവർത്തിയുടെ കോഡ്:WC 291943

*പ്രവർത്തി തുടങ്ങിയ ദിവസം:8/11/2018

* പണി അവസാനിച്ച ദിവസം: 27/3/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:254614

*തൊഴിൽ ദിനം:920

*എ. സ് നമ്പർ &തിയ്യതി :08/1&17/8/2018

*ടി. സ് നമ്പർ &തിയ്യതി :199, &24/10/2018

4.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തി. ഘട്ടം 5

*പ്രവർത്തിയുടെ കോഡ്:WC 292316

*പ്രവർത്തി തുടങ്ങിയ ദിവസം:4/8/2018

* പണി അവസാനിച്ച ദിവസം: 13/3/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:386883

*തൊഴിൽ ദിനം:1389

*എ. സ് നമ്പർ &തിയ്യതി :01,&1/1/2018

*ടി. സ് നമ്പർ &തിയ്യതി :149, &23/3/2018

5.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണപ്രവൃത്തി ഘട്ടം 6

*പ്രവർത്തിയുടെ കോഡ്:292032

*പ്രവർത്തി തുടങ്ങിയ ദിവസം:30/10/2018

*പണി അവസാനിച്ച ദിവസം: 4/3/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക:500000

*ബില്ലിലെ തുക:247011

*എ.സ് നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് :18 & 17/8/2018

*ടി. സ് തിയ്യതി :177&25/09/2018

6.പ്രവർത്തിയുടെ പേര്: വിഭാഗം എ  കനാൽ നവീകരണ പ്രവൃത്തി ഘട്ടം 1 വാർഡ് 2

*പ്രവർത്തിയുടെ കോഡ്:IC 211825

*പ്രവർത്തി തുടങ്ങിയ ദിവസം:18/12/2018

* പണി അവസാനിച്ച ദിവസം: 16/02/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക-244410

*ബില്ലിലെ തുക:169975

*എ. സ് നമ്പർ &തിയ്യതി :12/02dt-21/11/2018

*ടി. സ് നമ്പർ &തിയ്യതി :NREGA AP 207/2018-19ട്ട് 22/11/18

7.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തി. ഘട്ടം 4 വാർഡ് 2

*പ്രവർത്തിയുടെ കോഡ്:WC 292023

*പ്രവർത്തി തുടങ്ങിയ ദിവസം:28/06/2018

* പണി അവസാനിച്ച ദിവസം:19/11/2018

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:373280

*എ. സ്  നമ്പർ &തിയ്യതി :01 dtd 01/01/2018

*ടി. സ് നമ്പർ &തിയ്യതി NREGA  AP 81/2018-19 dtd 20/06/2018

8.പ്രവർത്തിയുടെ പേര്: വിഭാഗം എ ഇരട്ടറോൽ താഴെപനോളി തോട് സൈഡ് കെട്ടി സംരക്ഷണ പ്രവർത്തി വാർഡ് 2

*പ്രവർത്തിയുടെ കോഡ്:WH/320082

*പ്രവർത്തി തുടങ്ങിയ ദിവസം:08/03/2019

* പണി അവസാനിച്ച ദിവസം: 30/3/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:461106

*എ. സ് നമ്പർ &തിയ്യതി :12/2018-19dtd 24/11/18

*ടി. സ് തിയ്യതി :NREGA AP 256/2018-19 dtd 24/11/18

9.പ്രവർത്തിയുടെ പേര്: വിഭാഗം എ കനാൽ നവീകരണ പ്രവർത്തനം ഘട്ടം രണ്ട്.

*പ്രവർത്തിയുടെ കോഡ്:1604008002/IC/212114

*പ്രവർത്തി തുടങ്ങിയ ദിവസം:18/12/2018

*പണി അവസാനിച്ച ദിവസം: 28/3/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക:245000

*ബില്ലിലെ തുക:152843

* തൊഴിൽ ദിനം: 549

എ.എസ്.നമ്പർ & തിയ്യതി: 12/2 dt 21-11-2018

ടി.എസ്.നമ്പർ & തിയ്യതി :NREGA AP 208/2018-2019 dt 22-11-2018

10.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തി. ഘട്ടം ഒന്ന് .

*പ്രവർത്തിയുടെ കോഡ്:WC292417

*പ്രവർത്തി തുടങ്ങിയ ദിവസം:24/5/2018

* പണി അവസാനിച്ച ദിവസം: 14/11/2018

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:456905

*വിദഗ്ധ തൊഴിൽ ദിനങ്ങൾ :24

അവിദഗ്ധ തൊഴിൽ ദിനങ്ങൾ: 1587

എ.എസ്.നമ്പർ & തിയ്യതി: 1 dt 1-1-2018

ടി.എസ്.നമ്പർ & തിയ്യതി :NREGA AP 50 dt 14-5-2018

11.പ്രവർത്തിയുടെ പേര്: വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജല സംരക്ഷണ പ്രവർത്തി. ഘട്ടം 5

*പ്രവർത്തിയുടെ കോഡ്:WC292299

*പ്രവർത്തി തുടങ്ങിയ ദിവസം:14-8-2018

* പണി അവസാനിച്ച ദിവസം: 20-10-2018

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:348462

*വിദഗ്ധ തൊഴിൽ ദിനങ്ങൾ :20

*അവിദഗ്ധ തൊഴിൽ ദിനങ്ങൾ: 1200

*എ.എസ്.നമ്പർ & തിയ്യതി: 01 dt 01-01-2018

*ടി.എസ്.നമ്പർ & തിയ്യതി :NREGA AP 83/2018-2019 dt 27-6-2018

12.പ്രവർത്തിയുടെ പേര്: വിഭാഗം ഡി  കരിപ്പാറമ്പത്ത് മീത്തൽ കോൺക്രീറ്റ് റോഡ് നിർമാണം.

*പ്രവർത്തിയുടെ കോഡ്:RC275291

*പ്രവർത്തി തുടങ്ങിയ ദിവസം:24/1/2019

* പണി അവസാനിച്ച ദിവസം: 15/3/2019

*പ്രവർത്തിക്ക് കണക്കാക്കിയ തുക-500000

*ബില്ലിലെ തുക:462108

*വിദഗ്ധ തൊഴിൽ ദിനങ്ങൾ :50

*അവിദഗ്ധ തൊഴിൽ ദിനങ്ങൾ: 64

*എ.എസ്.നമ്പർ & തിയ്യതി: 12 dt 21-11-18

*ടി.എസ്.നമ്പർ & തിയ്യതി :NREGA AP 235 2018-2019 dt 24-11-2018

| ക്രമനമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | അനുവദിച്ച തൊഴിൽ ദിനങ്ങൾ | | ആകെ തൊഴിൽ ദിനം | അടങ്കൽ തുക | ചിലവായത് |
|---|---|---|---|---|---|---|---|
| | | | വിദഗ്തർ | അവിദഗ്തർ | | | |
| 1 | IC-21567 | വിഭാഗം എ കനാൽ നവീകരണ പ്രവർത്തനം ഘട്ടം 3 | 0 | 377 | 377 | 109360 | 105557 |
| 2 | IC-293003 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 3 | 0 | 1483 | 1483 | 500000 | 409485 |
| 3 | WC-291943 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 8 | 0 | 920 | 920 | 500000 | 254614 |
| 4 | WC-292316 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 5 | 5 | 1384 | 1389 | 500000 | 386883 |
| 5 | WC-292032 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 6 | 52 | 719 | 771 | 500000 | 247011 |
| 6 | WC-211825 | വിഭാഗം എ കനാൽ നവീകരണ പ്രവർത്തി ഘട്ടം 1 | 0 | 611 | 611 | 244410 | 169975 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | WC-292023 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 4 | 0 | 1352 | 1352 | 500000 | 373280 |
| 8 | WH-320082 | വിഭാഗം എ ഇരട്ട തോൽ താഴെപനോളി തോട് സൈഡ് കെട്ടി സംരക്ഷണ പ്രവർത്തി | 125 | 80 | 205 | 500000 | 461106 |
| 9 | IC -212114 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 2 | 0 | 549 | 549 | 245000 | 152843 |
| 10 | WC - 292417 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 1 | 24 | 1587 | 1611 | 500000 | 456905 |
| 11 | WC-292299 | വിഭാഗം എ നീർത്തട മാസ്റ്റർ പ്ലാൻ പ്രകാരം മണ്ണ് ജലസംരക്ഷണ പ്രവർത്തി ഘട്ടം 5 | 20 | 1200 | 1220 | 500000 | 348462 |
| 12 | RC - 275291 | വിഭാഗം ഡി കരിപ്പാറമ്പത്ത് മീത്തൽ കോൺക്രിറ്റ് റോഡ് നിർമ്മാണം | 50 | 64 | 114 | 500000 | 462108 |

**ഫയലിൽ സൂക്ഷിച്ച രേഖകൾ താഴെ കൊടുക്കുന്നു**

1.കവർപേജ്

12 ഫയൽ പരിശോധിച്ചപ്പോൾ കവർപേജ് കാണാൻ കഴിഞ്ഞു എന്നാൽ എ.എം.സി പ്രകാരമുള്ള കവർ പേജ് കാണാൻ സാധിച്ചില്ല.

2.ചെക്ക് ലിസ്റ്റ്

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച 12 ഫയലുകളിൽ 5 (WC-211567,IC211825,WH/320082,IC212114,RC275291)ചെക്ക് ലിസ്റ്റ് കാണാൻ കഴിഞ്ഞു മറ്റ് ഫയലിലും കാണാൻ സാധിച്ചില്ല.

3.ആക്ഷൻ പ്ലാൻ കോപ്പി

പ്രസ്തുത പ്രവൃത്തി പഞ്ചായത്തിലെ നടപ്പു വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻ പ്ലാൻന്റെ കോപ്പി. പരിശോധിച്ച 12 ഫയലുകളിലും ആക്ഷൻ പ്ലാനിന്റെ കോപ്പി കാണുവാൻ സാധിച്ചില്ല.

4.എസ്റ്റിമേറ്റ്

ഒരു പ്രവൃത്തി എങ്ങനെ, എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. പരിശോധന ഭാഗമായി കണ്ടെത്തിയിട്ടുള്ളത് എല്ലാ പ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന രീതിയിൽ ജനകീയ ഭാഷയിൽ വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. എന്നാൽ പരിശോധിച്ച് ഒരു ഫയലിലും ജനകീയ എസ്റ്റിമേറ്റ് കാണുവാൻ സാധിച്ചില്ല. പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലെയും വിശദവിവരങ്ങൾ എസ്റ്റിമേറ്റിൽ പ്രതിപാദിച്ചിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.

5.സാങ്കേതികാനുമതി പത്രം

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ. പരിശോധിച്ച മുഴുവൻ ഫയലുകളിലും സാങ്കേതികാനുമതി രേഖ ഉണ്ടായിരുന്നു. സാങ്കേതികാനുമതി രേഖയിൽ സാങ്കേതികവിദഗ്ധർ അതിനോടൊപ്പം ഒപ്പിട്ട തീയതി കൂടി ചേർക്കേണ്ടതുണ്ട് പക്ഷേ പരിശോധിച്ച ഫയലുകളിൽ ഒപ്പിന്റെയും തിയ്യതിയുടെയും അഭാവം കാണാൻ സാധിച്ചു.

6.ഭരണാനുമതി രേഖ

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ ഈ രേഖ എല്ലാ ഫയലുകളിലും സൂക്ഷിക്കേണ്ടതാണ്.12 പ്രവൃത്തി ഫയലുകളിലും സെക്യൂറിൽ നിന്നും ലഭിക്കുന്ന കോപ്പി ആണ് ഉണ്ടായിരുന്നത്, സെക്യൂറിൽ നിന്നും ലഭിക്കുന്ന കോപ്പി ആയാൽ പോലും പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ്, സീൽ, തീയതി എന്നിവ രേഖപ്പെടുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഇത്തരം അടയാളപ്പെടുത്തലുകൾ ഒരു ഫയലിലും കാണാൻ സാധിച്ചില്ല. ഭരണാനുമതി ലഭിക്കുന്നതിന് ഗ്രാമസഭ അംഗീകാരത്തിന്റെ പകർപ്പ് ആവശ്യമാണ്. ഫയലുകളിൽ ഗ്രാമ സഭ അംഗീകരിച്ചതിന്റെ പകർപ്പ് ചേർത്തിട്ടില്ല.

7.ഡിമാൻഡ് ഫോം

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ ഉള്ളതാണ് ആണ് ഡിമാൻഡ് ഫോം. പരിശോധിച്ച 11 ഫയലിൽ ഡിമാൻഡ് ഫോം കാണാൻ സാധിച്ചു. എന്നാൽ ഒരു ഫയലിൽ ഡിമാൻഡ് ഫോം(WC-292032) കാണാൻ സാധിച്ചില്ല.

8.വർക്ക് അലോക്കേഷൻ ഫോം

പ്രവൃത്തി അനുവദിച്ചുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവൃത്തി ലഭിച്ചോ എന്നറിയാൻ ഈ ഫോം സഹായിക്കും പരിശോധിച്ച 12 ഫയലിലും ഡിമാന്റ് ഫോം കാണാൻ സാധിച്ചില്ല.

9.മസ്റ്റർ റോൾ

തൊഴിലാളികളുടെ ഹാജർനില രേഖപ്പെടുത്താൻ ഉള്ള രേഖയാണ് മസ്റ്റർ റോൾ. മസ്റ്റർ റോളുകളിൽ ബി ഡി ഒ., സെക്രട്ടറി എന്നിവർ തീയതി വച്ച് ഒപ്പ്,സീൽ എന്നിവ പതിപ്പിക്കേണ്ടതാണ്. എന്നാൽ ഒപ്പും സീലും മാത്രമേ ഫയലിൽ കാണാൻ സാധിച്ചിട്ടുള്ളൂ. തീയതി ഉണ്ടായിരുന്നില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെട്ടു.

WC-291943 എന്ന വർക്ക് ഫയലിൽ ഒരു തൊഴിലാളി ലീവ് ആയിട്ടും മസ്റ്റർ റോളിൽ ഒപ്പിട്ടത്ത് കാണാൻ കഴിഞ്ഞു പക്ഷേ മാപ്പ് അപേക്ഷയും കൊടുത്തിട്ടുണ്ട്.WC -292316,WC-211825,WC-292299 ഫയലിൽ മസ്റ്റർ റോൾ നമ്പർ 1930,16187,6250,6252,6253,6266,6255,6267,6260,6263 എന്നിവയിൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു.മെഷർമെന്റ് ബുക്ക് നമ്പർ മസ്റ്റർ റോളുകളിൽ ഉണ്ടാകണം എന്നാൽ അവ ഒരു മസ്റ്റർ റോളിലും രേഖപ്പെടുത്തിയിട്ടില്ല.

WC-292299 ലെ മസ്റ്റർ റോൾ നമ്പർ 6265 ഫിൽ ആകാത്ത മസ്റ്റർ റോൾ ആണ്.6/10/18മുതൽ 22/10/18 ൽ അവസാനിച്ച മാസ്റ്റർ റോളു കളിൽ ഫോർ സ്കിൽഡ് /സെമി സ്കിൽഡ് മാസ്റ്റർ റോളും 07/06/18മുതൽ 14 06/18 ൽ അവസാനിച്ച മാസ്റ്റർ റോളുകളിൽ ഫോർ സ്കിൽഡ് /സെമി സ്കിൽഡ് മാസ്റ്റർ റോളും കാണുന്നില്ല. എന്നാൽ വീക്കിലി വാലുവേഷൻ സിർട്ടിഫിക്കറ്റിൽ ഫോർസ്കിൽഡ് /സെമിസ്കില്ഡ് വേജ് ഡീറ്റെയിൽസ് രേഖപടുത്തിയിട്ടുണ്ട്.

10.മെഷർമെന്റ് ബുക്ക്

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയെന്ന് മനസ്സിലാക്കാനുള്ള ആധികാരികരേഖയണ് മെഷർമെന്റ് ബുക്ക്.

പരിശോധനവിധേയമാക്കിയ 12 ഫയലുകളിലും ഉണ്ടായിരുന്നു. മെഷർമെന്റ് ബുക്കുകൾ പഞ്ചായത്തിൽ നിന്നും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതാണ്.ബുക്കുകളിൽ ചെക്ക് മെഷർ ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുണ്ട്.

11.മെറ്റീരിയൽ പ്രൊക്യൂർമെന്റ്

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യൂർമെന്റ്.

പരിശോധിച്ച 2 ഫയലുകളിൽ ഈ രേഖ ആവശ്യമുള്ളൂ(WH/320082,WC275291) രണ്ടും കൊട്ടേഷൻ ക്ഷണിച്ച് മെറ്റീരിയൽസ് ആണ് ഉള്ളത്.WH/320082-ഉടമ്പടി നമ്പർ-24/18-19dtd19/1/19

Wc-275291ൽ കൊട്ടേഷൻ സ്വീകരിച്ചതിന് ഫോംഉണ്ട്. (ഭരണസമിതിയുടെ ടെ യുടെ 0 7/12/18 ലെ 16 (2) നമ്പർ തീരുമാനം) ക്വട്ടേഷനുകൾകളും, കൊട്ടേഷൻ നൽകിയതിന്റെയും വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നില്ല. 25000ത്തിന്റെ മുകളിലുള്ള ഉള്ള വർക്കാണ്. എന്നാൽ ഇതിൽ 2500ത്തിനു മുകളിലുള്ള വർക്കിന്റെ ടെൻഡർ വിളിച്ച കോപ്പി ഈ ഫയലിൽ ഇല്ല. കോറി മണ്ണ് , മെറ്റൽ , എം.സാൻഡ്, സിമൻറ്, ചെങ്കല്ല്, മണ്ണ് എന്നിവയാണ് രണ്ട് പ്രവർത്തികളിലും ഉപയോഗിച്ച സാധനങ്ങൾ. രണ്ട് പ്രവർത്തികളിലും സാങ്കേതിക വിദഗ്തന്റെ സീൽ, ഒപ്പ്, എന്നിവ കാണാൻ സാധിച്ചു.

12.വേജ് ലിസ്റ്റ്

മസ്റ്റർ റോളിന് ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് വേജ് ലിസ്റ്റ്. പരിശോധിച്ച ഫയലുകളിൽ വേജ് ലിസ്റ്റ് കാണാൻ സാധിച്ചു. എന്നാൽ സെക്യൂറിൽ നിന്ന് ലഭിച്ച പ്രത്യേക രേഖയായി Wc-211567,WH-320082,RC-275291 എന്ന ഫയലിൽ മത്രമെ കാണാൻ കഴിഞ്ഞിട്ടുള്ളൂ. മറ്റു ഫയലിൽ കവർപേജിന്റെ പിന്നിലായിട്ടാണ് കാണാൻ സാധിച്ചത് .

13.മെറ്റീരിയൽ വൗച്ചർ ആൻഡ് ബിൽ

സാധനസാമഗ്രികൾ ആവശ്യമായ പ്രവൃത്തികൾക്ക് സാമഗ്രികൾ വിതരണം ചെയ്തതിന്റെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധിച്ച ഒരു ഫയലിൽ മാത്രം(WC-292032) മെറ്റീരിയൽ വൗച്ചർ ബിൽ കാണാൻ കഴിഞ്ഞില്ല. മറ്റ് ഫയലുകളിൽ എല്ലാം ബിൽ കാണാൻ കഴിഞ്ഞു.

14.ഫോട്ടോഗ്രാഫ്

ഒരു പ്രവൃത്തി തുടങ്ങുന്നതിനു മുൻപും, പ്രവൃത്തി നടന്നുകൊണ്ടിരികുമ്പോഴും, പ്രവൃത്തി പൂർത്തിയായതിനു ശേഷവുമുള്ള മൂന്ന് ഘട്ടത്തിലുള്ള ഫോട്ടോ പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധിച്ച 6 ഫയലുകളിൽ ഫോട്ടോ കണ്ടു പക്ഷേ ചിലത് വ്യക്തമായിരുന്നു ചിലത് വ്യക്തമായിരുന്നില്ല. അതോടൊപ്പംജിയോ ടാഗ്ഗ്ഡ് ഫോട്ടോ ഗ്രാഫ് ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

15.മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

ഒരു പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും മസ്റ്റർ റോൾ അനുവദിച്ച് തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തീയതികളിൽ നടന്നു എന്ന് മനസ്സിലാക്കാനാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ എല്ലാം മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നില്ല.

16.സൈറ്റ് ഡയറി

പ്രവൃത്തി സ്ഥലത്തെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി. പരിശോധിച്ച 12 സൈറ്റ് ഡയറികൾ പൂർണ്ണമായും പൂരിപ്പിച്ചു. തൊഴിലാളികളുടെ സാക്ഷ്യപത്രം, ചികിത്സാ സഹായം സംബന്ധിച്ച വിവരങ്ങൾ,

തൊഴിലുപകരണങ്ങളുടെ വാടക സംബന്ധിച്ച വിവരങ്ങൾ, വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (വി.എം.സി.)വിവരങ്ങൾ എന്നിവ സൈറ്റ് ഡയറികളിൽ ഉണ്ടായിരുന്നു. Wc-292316 പഞ്ചായത്തിൽ രേഖകൾ പരിശോധിച്ചപ്പോൾ മോണിറ്ററിംഗ് ആൻഡ് വിജിലൻസ് കമ്മിറ്റി സ്ഥലം സന്ദർശിച്ച ഒപ്പുവെച്ച തായി കാണാൻ കഴിഞ്ഞത് എന്നാൽ തൊഴിലാളികളുമായി സംസാരിച്ചപ്പോൾ തൊഴിലാളികൾ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടെ വിട്ടിൽ കൊണ്ടുപോയി ഒപ്പ് ഇടിക്കാറാണ് പതിവ് അവർ സൈറ്റ് സന്ദർശിക്കാറില്ല എന്ന് പറഞ്ഞു.

17.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം. എന്നാൽ പരിശോധിച്ച 2 (WC-291943,WC-292316)ഫയലിൽ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.മറ്റു ഫയലുകളിൽ കാണാൻ സാധിച്ചു.

18. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ഞങ്ങൾ പരിശോധിച്ച ഒരു ഫയലിലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കാണാൻ സാധിച്ചില്ല.

**പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ**

1. തൊഴിൽ കാർഡ് രജിസ്റ്റർ

തൊഴിൽ കാർഡ് രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതാണ്. ക്രമ നമ്പർ 1 മുതൽ 388 വരെ 2-ാം വർഡിൽ 388 തൊഴിൽ കാർഡ് നൽകിയിരിക്കുന്നതായി കാണുന്നു. രജിസ്റ്ററിൽ തൊഴിൽ കാർ

ഡിനുള്ള അപേക്ഷ ഫോം ഇല്ലായിരുന്നു. രജിസ്റ്ററിൽ പല പേജുകളും പേജ് നമ്പർ ഇട്ട് ഒഴിച്ചിരിക്കുന്നതായി കണ്ടു. രജിസ്റ്ററിൽ തൊഴിൽ കാർഡ് അനുവദിച്ച കുടുംബം AAY/ADHOC/APL/ BPL/ Women Headed HH/FRA/SECC തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

2. സാധന രജിസ്റ്റർ

വാർഡ് രണ്ടിലെ ഫയൽ പരിശോധിച്ചപ്പോൾ രണ്ട് പ്രവർത്തി ഫയലിലാണ് സാധനസാമഗ്രികൾ ആവശ്യമായി വന്നത്. കോൺക്രീറ്റ് റോഡ് നവീകരണവും തോട് സൈഡ് കെട്ടി സംരക്ഷണവും. സാധന രജിസ്റ്ററിൽ സാധനസാമഗ്രികളുടെ പൂർണമായ വിവരങ്ങൾ എം ബുക്കിൽ ഉള്ളത് പോലെ തന്നെയാണ് കാണാൻ സാധിച്ചത്.

3.സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ

എല്ലാ വാർഡിലെയും പ്രവൃത്തികൾ ഒരുമിച്ചാണ് രജിസ്റ്ററിൽ കൊടുത്തിട്ടുള്ളത്. ആകെ 77 പ്രവർത്തികളുടെ വിവരങ്ങളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇടയ്ക്ക് ചില പേജുകളിൽ വിവരങ്ങൾ രേഖപ്പെടുത്താതെ ഒഴിവാക്കിയിട്ടുണ്ട്. ചില പ്രവർത്തികളുടെ പേജിൽ അക്രെഡിറ്റ് എൻജിനീയറുടെ സീലും ഒപ്പും ഉണ്ട്. ഞങ്ങൾ പരിശോധിച്ച 12 ഫയലുകളിൽ ചില പ്രവർത്തിയുടെ രേഖകൾ മാത്രമാണ് രജിസ്റ്ററിൽ കാണാൻ കഴിഞ്ഞത്.

4.ഗ്രാമസഭ രജിസ്റ്റർ

ഗ്രാമസഭ രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണ്. 2015-2016 മുതൽ 2018- 2019 വരെയുള്ള ഗ്രാമസഭ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിലെ 320 പേജുകൾ ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ് .ഗ്രാമസഭയുടെ വിശദമായ വിവരങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ തൊഴിലുറപ്പിന് കാര്യങ്ങൾ ഒരു അജണ്ട എന്ന നിലയിൽ മാത്രമാണ് ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്.

5. പരാതി രജിസ്റ്റർ

2012 മുതൽ 2019 വരെയുള്ള പരാതികളാണ് രജിസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ 2018 _19 കാലയളവിൽ 3 പരാതികളാണ് രജിസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ളത് അതിൽ ഒരു തൊഴിലാളി രണ്ട് പരാതികൾ നൽകിയിട്ടുണ്ട് പരാതി നൽകിയ തീയതി പരാതിക്കാരൻറെ പേരും വിലാസവും പരാതി സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട് പരാതി തീർപ്പാക്കിയ തീയതി തീർപ്പാക്കിയ ഉദ്യോഗസ്ഥൻ റെ കുറിപ്പ് എന്നീ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

5.പരാതി പരിഹാര രജിസ്റ്റർ

2012 മുതൽ2019 വരെയുള്ള വർഷത്തിൽ ഉള്ള പരാതികളാണ് രജിസ്റ്റർ രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ2018-19 കാലയളവിൽ 3 പരാതികളാണ് നൽകിയിട്ടുള്ളത്. അതിൽ ഒരു തൊഴിലാളി2 പരാതിയാണ് നൽകിയിട്ടുള്ളത്. പരാതി നൽകിയ തീയതി, പരാതിക്കാരന്റെ പേരും വിലാസവും പരാതി സംബന്ധിച്ച ലഘു വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. പരാതി തീർപ്പാക്കിയ തീയതി, തീർപ്പാക്കിയ ഉദ്യോഗസ്ഥനെതീർപ്പാക്കിയ ഉദ്യോഗസ്ഥന്റെ കുറിപ്പ് എന്നീ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

6.വർക്ക് രജിസ്റ്റർ

വർക്ക് രജിസ്റ്ററിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതല്ല. രജിസ്റ്ററിൽ ഒരു പ്രവർത്തിയുടെയും ആരംഭിച്ചതും അവസാനിച്ചതുമായ തിയ്യതി രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് തരത്തിലുള്ള വർക്ക് രജിസ്റ്റർ അല്ല സൂക്ഷിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ 2018-19വർഷത്തെ മുഴുവൻ പ്രവർത്തികൾക്കും ഒരു വർക്ക് രജിസ്റ്റർ എന്ന നിലയ്കാണ് വർക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിൽ 781പ്രവർത്തിയുടെ ഡീറ്റെയിൽസ് എഴുതിയിട്ടുണ്ട്. വേതനം നൽകിയ ദിവസം രേഖപ്പെടുത്തിയിട്ടില്ല. ചിലതിൽ പേരും തൊഴിൽകാർഡ് നമ്പറും മാത്രം എഴുതി മുഴുവൻ പൂരിപ്പിക്കാതെ ഒഴിച്ചിട്ടിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് കോപ്പി വച്ചിട്ടുണ്ട്. 2018ഏപ്രിൽ 1മുതൽ 2018സെപ്റ്റംബർ 30വരെ നടന്ന പ്രവർത്തികളുടെ കണ്സോളിഡേറ്റഡ് റിപ്പോർട്ട് ഇതിന്റെ കൂടെ വച്ചിട്ടുണ്ട്.

7.ഡിമാൻഡ് രജിസ്റ്റർ

തൊഴിലുറപ്പ് തൊഴിലാളികൾ ഒറ്റയ്ക്കും ഗ്രൂപ്പായും തൊഴിലിന് വേണ്ടി ആവശ്യപ്പെടുന്ന രജിസ്റ്ററാണ് ഡിമാന്റ് രജിസ്റ്റർ .ഡിമാന്റ് രജിസ്റ്ററിൽ തൊഴിൽ കാർഡ് നമ്പർ, മേറ്റിന്റെ പേര്, ഒപ്പ് എന്നിവ ഉണ്ട്. ചിലത് വ്യക്തിഗത ഡിമാന്റ് കളായി അപേക്ഷിച്ചിട്ടുണ്ട്. ഗ്രൂപ്പായിട്ടുള്ള ഡിമാന്റ് ഉണ്ട്. ചില ഡിമാന്റ് കളിൽ മേറ്റിന്റെ ഒപ്പ് കാണാൻ കഴിഞ്ഞില്ല. 2018-2019 വർഷത്തിലെ ഡിമാന്റ് രജിസ്റ്ററുകളാണ് ഞങ്ങൾ പരിശോധിച്ചത് അതിൽ എല്ലാ വാർഡുകളിലെയും ഡിമാന്റ ഒന്നിച്ചാണ് ഉൾപ്പെടുത്തിയത്. ഒരു ഡിമാന്റ് ഫോമ് സാങ്കേതികനുമതി ഫോറത്തിന്റെ താഴെയാണ് എഴുതി

നൽകിയത് wc 291872 19/02 - 04/03.

**സൈറ്റ് സന്ദർശിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ**

ഞങ്ങൾ സന്ദർശിച്ചതിൽ 3 പ്രവർത്തികൾ വ്യക്തിഗത ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ മണ്ണ്, കല്ല് കയ്യാല, ബണ്ട്, മഴക്കുഴി നിർമ്മാണം എന്നിവയും പൊതു പണിയായ കനാൽ നവീകരണവും, തോട് സൈഡ് കെട്ടി സംരക്ഷണവും, കോൺക്രീറ്റ് റോഡ് നിർമ്മാണവുമാണ്.

കനാൽ നവീകരണ പ്രവത്തി (Wc-211567,WC-IC-211825,WC-IC-212114) എസ്റ്റിമേറ്റ്പ്രകാരം പ്രവൃത്തികൾ പൂർത്തികരിച്ചിരുന്നു.എന്നാൽ ഇപ്പോൾ കനാൽ വിണ്ടും കാടും ചളിയും കയറിയ നിലയിലാണ്. സൈറ്റ് ബോർഡ് വെച്ചിട്ടുണ്ടെങ്കിലും അതും കാട് കയറിയിരിക്കുകയാണ്. അതിനാൽ ഉയരം അളക്കാൻ കഴിഞ്ഞില്ല. WH/32008

2,WC-RC275291 എന്നി പ്രവർത്തികൾ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഉള്ള പണി ആയിരുന്നു. വിദഗ്ത തൊഴിലാളികൾ ഉൾപ്പെട്ട പ്രവർത്തിയായിരുന്നു. ഈ രണ്ട് പ്രവർത്തികളുടെയും ആസ്ഥി നല്ല രീതിയിൽ തന്നെ കാണാൻ സാധിച്ചു.

നാട്ടുകാരെ കണ്ട് തൊഴിലാളികളുടെ പണിയെക്കുറിച്ച് സംസാരിച്ചപ്പോൾ പണി നല്ല രീതിയിലാണ് അവർ പൂർത്തികരിച്ചതെന്ന് പറഞ്ഞു, ഭാവിയിലേക്ക് ഇത്തരം പണികൾ മുതൽകൂട്ടാണെന്നും പറഞ്ഞു.

വ്യക്തിഗത ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പ്രവർത്തികൾ സന്ദർശിച്ചപ്പോൾ WC-292032,WC-292417, WC-292316 എന്നി പ്രവർത്തികൾ എസ്റ്റിമേറ്റ് പ്രകാരം പൂർത്തികരിക്കുകയും ആസ്തി നല്ല രീതിയിൽ നിലനിൽക്കുന്നതായും കണ്ടു. ബണ്ട് കാട് കയറിയ നിലയിലും മഴക്കുഴി മണ്ണും വെള്ളവും ഇറങ്ങി കുഴി മൂടിയ നിലയിലുമാണ് ബാക്കിയുള്ള മഴക്കുഴിയിൽ കൃഷി യോഗ്യമാക്കിയിരിക്കുന്നു. ചില കുഴിയിൽ വെസ്റ്റ് കുഴി ആക്കി.ഇത്തരം പ്രവണതകൾ നിർബന്ധമായും ഒഴിവാക്കപ്പെടേണ്ടതാണ്.

## പ്രവർത്തിയുടെ അളവ് വിവരങ്ങൾ

| ക്രമ നമ്പർ | ഭൂവുടമയുടെ പേര് | തൊഴിൽ കാർഡ് നമ്പർ | പ്രവർത്തി | അളവ് |
|---|---|---|---|---|
| 1 | കെള്ളൂർ ലീന | 02/245 | കല്ല് കയ്യാല | 5 മീറ്റർ50 സെൻറീമീറ്റർ നീളം<br>70 സെൻറീമീറ്റർ വീതി<br>90 സെൻറീമീറ്റർ ഉയരം |
| 2 | ശ്രീവത്സം സരസ | 02/418 | മണ്ണ് കയ്യാ | 16 മീറ്റർ 70സെൻറീമീറ്റർ നീളം |

| | | | | |
|---|---|---|---|---|
| | | | ല | 50 സെൻറീമീറ്റർ വീതി<br><br>ഒരു മീറ്റർ ഉയരം |
| 3 | വടക്കേടത്ത് കരുണൻ | 02/271 | മഴക്കുഴി | ഒരു മീറ്റർ നീളം<br><br>ഒരു മീറ്റർ വീതി തി<br><br>90 സെൻറീമീറ്റർ ഉയരം |
| 4 | വേണുഗോപാലൻ | 02/189 | മണ്ണ് കയ്യാല | പുല്ല് പിടിച്ച സ്ഥലം അതുകൊണ്ട് അളക്കാൻ പറ്റിയില്ല. |
| 5 | ഉണ്ണിമാധവൻ പുതിയത് | അപേക്ഷ നൽകിയിട്ടുണ്ട് | ബണ്ട് | പുല്ലു പിടിച്ച് സ്ഥലമായതിനാൽ അളക്കാൻകഴിഞ്ഞില്ല |
| 6 | ജാനു കിഴക്കയിൽ | 02/214 | ചുറ്റുമതിൽ | 16 മീറ്റർ 58 58 സെൻറീമീറ്റർ നീളം 85 സെൻറീമീറ്റർ വീതി. |
| 7 | കോളോത്ത് ചന്തുക്കുട്ടി | 02/232 | ചുറ്റുമതിൽ | 22 മീറ്റർ 60 സെൻറീമീറ്റർ നീളം 35 സെൻറീമീറ്റർ വീതി. |
| 8 | കുറിയേടത്ത് രാജീവൻ | 2/47 | ബണ്ട് | 10 മീറ്റർ 95 സെൻറീമീറ്റർ |
| 9 | ചിറ്റൂർ രത്നമണി | 02/47 | ബണ്ട് | 13 മീറ്റർ 40 സെൻറീമീറ്റർ നീളം |
| 10 | സുമിത്ര നടുവത്ത് | 02/2 | കല്ല് കയ്യാല | 14 മീറ്റർ 90 സെൻറീമീറ്റർ നീളം ഒരു മീറ്റർ 40 സെൻറ് മീറ്റർ വീതി. |
| 11 | കനാൽ നവീകരണ പ്രവർത്തനം | | | 1128 മീറ്റർ നീളം 30 സെൻറീമീറ്റർ വീതി |
| 12 | കരുമാടി മാധവൻ | 02/119 | മഴക്കുഴി | ഒരു മീറ്റർ 50 സെൻറീമീറ്റർ നീളം ഒരു മീറ്റർ 5 സെൻറീമീറ്റർ വീതി |

| | | | | |
|---|---|---|---|---|
| | നായർ | | | മണ്ണിടിഞ്ഞ് കാരണം ആഴം അളക്കാൻ പറ്റില്ല. |
| 13 | കരുമാടി ശാന്ത അത് | 02/349 | മഴ ക്കുഴി , ബ ണ്ട് ട | മഴ കുഴിയിൽ തെങ്ങിൻതൈ വെച്ചു ബണ്ട് കാട് കയറിയ നിലയിൽ. |
| 14 | നടു വിലയിൽ കമലാദേവി | 02/239 | ബ ണ്ട് | കാടുമൂടിയ സ്ഥലം അളക്കാൻ കഴിഞ്ഞില്ല. |
| 15 | കോഴി ക്കോട്ടൽ സിനി | 02/235 | ബ ണ്ട് | 156 മീറ്റർ 6 സെൻറീമീറ്റർ |
| 16 | മണ്ടകശ്ശേ ഗോവിന്ദൻ കുട്ടി നായർ | 02/186 | ബ ണ്ട്, മഴ ക്കുഴി | ബണ്ട് കാട് കയറിയ നിലയിൽ മഴ കുഴിയിൽ വാഴ വച്ചിരിക്കുന്നു. |
| 17 | കൈത ശാരദ | 02/46 | ബ ണ്ട് | വഴി ഇല്ലാത്തതു കാരണം അളക്കാൻ പറ്റിയില്ല. |
| 18 | അരീക്കൽ ശ്രീജിത്ത് | 02/398 | മഴ ക്കുഴി , ബ ണ്ട് ഉണ്ട് | കാടുമൂടിയ സ്ഥലം അളക്കാൻ കഴിഞ്ഞില്ല |
| 19 | തെരുവ ത്ത് കണ്ടി ശാരദ | 02/46 | മഴ ക്കുഴി ,ബ ണ്ട് | മഴക്കുഴിൽ തെങ്ങിൻതൈ വാഴ തുടങ്ങിയവ വച്ചിരിക്കുന്നു . ബണ്ട് 261 മീറ്റർ 5 സെൻറീമീറ്റർ നീളം |
| 20 | ദേവി ചെറുവകാട് | 02/59 | ബ ണ്ട് | 207 മീറ്റർ 6 സെൻറീമീറ്റർ നീളം. |
| 21 | ശങ്കരൻ നായർ എടക്കു ടി | 02/153 | ബ ണ്ട് , മഴ | മഴയിൽ ചിലതിൽ വാഴ വെച്ചിരിക്കുന്നു . പണ്ട് ബണ്ട് നിർമ്മിച്ച സ്ഥലം ഇപ്പോൾ |

| | | | | |
|---|---|---|---|---|
| | | | ക്കുഴി | കല്ലുവെട്ടാംകുഴി ആണ് |
| 22 | സൗദാമിനി | 02/36 | ബണ്ട് | വഴിയില്ലാത്തതിനാൽ പോകാൻ കഴിഞ്ഞില്ല. |
| 23 | പ്രസന്ന ടി | 02/390 | മഴക്കുഴി, ബണ്ട് | 1.5 മീറ്റർ നീളം 1.5 മീറ്റർ വീതി മണ്ണ് ഇടിഞ്ഞത് കാരണം ആഴം അളക്കാൻ സാധിച്ചില്ല. |
| 24 | രുക്മിണി | 02/61 | ബണ്ട് | 93 മീറ്റർ 40 സെൻറീമീറ്റർ നീളം |
| 25 | സുമതി ചിറപ്പുറത്ത് | 02/200 | മഴക്കുഴി, ബണ്ട് ആട് | മഴക്കുഴി തെങ്ങ് വാഴ എന്നിവ വച്ചിരിക്കുന്നു ബണ്ട് 138 മീറ്റർ 3 സെൻറീമീറ്റർ നീളം |
| 26 | വത്സല | 02/291 | മഴ കുഴി, മണ്ണ കയ്യാല | മഴക്കുഴി വെയ്റ്റ് വെള്ളത്തിൻറെ ടാങ്ക് ആയി ആയി ഉപയോഗിച്ചിരിക്കുന്നു മണ്ണ് കയ്യാല 37 മീറ്റർ 10 സെൻറീമീറ്റർ നീളം 2 മീറ്റർ 10 സെൻറീമീറ്റർ വീതി. |
| 27 | ബീന പള്ളിയരത്ത് | 02/35 | മഴക്കുഴി ,ബണ്ട് | ചില മഴ കുഴികളിൽ കളി തെങ്ങിൻ തൈ നട്ടു. മഴക്കുഴി യുടെ നീളം 1മീറ്റർ 90 മീറ്റർ .വീതി 1 മീറ്റർ50 സെൻറീമീറ്റർ ആഴം 90 സെൻറീമീറ്റർ. ബണ്ട് കാടും നിറഞ്ഞ നിലയിൽ. |
| 28 | ശ്രീദേവി മങ്കര | 02/175 | ബണ്ട് | 72 മീറ്റർ 60 സെൻറീമീറ്റർ നീളം |
| 29 | ബാലാമണിയമ്മ | അപേക്ഷിച്ചിട്ടുണ്ട് | ബണ്ട് | 30 മീറ്റർ 3 സെൻറീമീറ്റർ നീളം |
| 30 | ലക്ഷ്മിക്കുട്ടി | 02/67 | ബണ്ട് , | കാടുപിടിച്ച് സ്ഥലം അതിനാൽ അളക്കാൻ സാധിച്ചില്ല മഴയിൽ |

| | | | | |
|---|---|---|---|---|
| | ചിറപ്പുറത്ത് | | മഴക്കുഴി | വാഴ വെച്ചിരിക്കുന്നു. |
| 31 | ഉണ്ണികൃഷ്ണൻ കാരപ്പറ്റ | 02/29 | ബണ്ട് മഴക്കുഴി | കാടു കാരനും അടക്കാൻ കഴിഞ്ഞില്ല. മഴകാരണം മഴക്കുഴി നശിച്ചിരിക്കുന്നു. |
| 32 | ശാന്ത | 02/62 | ബണ്ട് മഴക്കുഴി | 14 മീറ്റർ 10 സെൻറീമീറ്റർ 1.5 മീറ്റർ നീളവും വീതിയും. |
| 33 | ചാലേടയത്തു പാറ കനാൽ നവീകരണ പ്രവർത്തി | | | 490 മീറ്റർ 71 സെൻറീമീറ്റർ നീളം കാട് കൂടിയതിനാൽ ഉയരം അളക്കാൻ സാധിക്കില്ല |
| 34 | കരിപ്പാറ നബത്ത് മീറ്റർ കോൺക്രീറ്റ് റോഡ് | | | 140 മീറ്റർ76 സെൻറീമീറ്റർ നീളം മൂന്നു മീറ്റർ 30സെൻറീമീറ്റർ വീതി |
| 35 | വെള്ളതോട്ടത്തിൽ മീറ്റർ | | കല്ല് കയ്യാല 4 | 38 മീറ്റർ 55 സെൻറീമീറ്റർ നീളം 44 സെൻറീമീറ്റർ ഉയരം |
| 36 | ഇരട്ടഒറയിൽ മീത്തൽ പ്രസന്ന | 022/155 | മണ്ണ് കയ്യാല | 77 മീറ്റർ 46 സെൻറീമീറ്റർ നീളം. രണ്ടുമീറ്റർ 40 സെൻറീമീറ്റർ ഉയരം |
| 37 | ചെമ്പക ശ്ശേരി രാധ | 002/14 | കല്ലു കയ്യാല | 22 മീറ്റർ 45 സെൻറീമീറ്റർ നീളം ഒരു മീറ്റർ 25 സെൻറീമീറ്റർ ഉയരം 23 സെൻറീമീറ്റർ വീതി. |
| 38 | മുള്ളമ്പത്ത് മീത്തൽ ജാനു അമ്മ | 22/9 | ബണ്ട് മഴക്കുഴി | കാടു കാരണം അടക്കാൻ കഴിഞ്ഞില്ല. |
| 49 | പുള്ളിയോട് പറമ്പത്ത് കാർത്തിയാനി അമ്മ | 002/1 | ബണ്ട്, മഴക്കുഴി | കാടുപിടിച്ചത് കാരണം അളക്കാൻ കഴിഞ്ഞില്ല |

| | | | | |
|---|---|---|---|---|
| 40 | നാഗത്ത്മീറ്റർ മാധവൻ നായർ, രാധ | 03/3 | കല്ലു കയ്യാല | 9 മീറ്റർ 38 സെൻറീമീറ്റർ നീളം 54 സെൻറീമീറ്റർ ഉയരം 42 സെൻറീമീറ്റർ വീതി |
| 41 | പുതിയോടു പറമ്പത്ത് വിനോദ് | 2/417 | കല്ലു കയ്യാല | 58 മീറ്റർ 35 സെൻറീമീറ്റർ നീളം 50 സെൻറീമീറ്റർ ഉയരം 38സെൻറീമീറ്റർ വീതി. |
| 42 | പുതിയ പറമ്പ് സരോജിനിയമ്മ | 02/23 | ബണ്ട് മഴക്കുഴി | കാടു കയറിയതിനാൽ അളക്കാൻ കഴിഞ്ഞില്ല. |
| 43 | പോയിൽ മീത്തൽ വേലായുധൻ | 002/72 | കല്ല് കയ്യാല | നീളം 32m, ഉയരം -3.5 m വീതി -50 cm |
| 44 | താഴത്തെ വീട്ടിൽ ഗംഗാധരൻ | 003/170 | കല്ല് കയ്യാല | നീളം -24m വീതി -40 cm ഉയരം -2.5 m |
| 45 | ശ്രീജ കോതങ്കൽ | 003/02 | കല്ല് കയ്യാല | നീളം -8.3m വീതി -45cm ഉയരം -80 cm |
| 46 | വിനോദ് കുയ്യാലയിൽ | 002/417 | കല്ല് കയ്യാല | നീളം -32.8 m വീതി -57cm ഉയരം -75 cm |
| 47 | ഉമ്മർ മുതിരപറമ്പത്ത് | 002/178 | കല്ല് കയ്യാല | നീളം -22m, വീതി -45cm ഉയരം -90 cm |
| 48 | ചിരുതെയ് അമ്മ ഇല്ലത്ത് മീത്തൽ | 002/345 | കല്ല് കയ്യാല | നീളം -19.85m, വീതി -45cm ഉയരം -1.22m |
| 49 | അപ്പുണ്ണി മേനോക്കി തിരുമംഗലത്ത് | | മണ്ണ് കയ്യാല | കാടു പിടിച്ചു കിടക്കുന്നു |
| 50 | ഗീത കോട്ടയിൽ | 002/96 | മണ്ണ് വരമ്പ് | നീളം - 8.6m വീതി -70 cm<br>ഉയരം -60cm |
| 51 | ഭാമിനി കുറുവാളൂർ | 002/224 | കല്ല് കയ്യാല | നീളം -6.60m വീതി -30cm ഉയരം -80cm |

| | | | | |
|---|---|---|---|---|
| 52 | ലക്ഷ്മി കുട്ട്യേടതറോൽ | 602/317 | മണ്ണ് വരമ്പ് | കാടു കയറി കിടക്കുന്നു. |
| 53 | കക്കട്ട് ഗംഗാധരൻ | 002/285 | മഴക്കുഴി | കാടു കയറി കിടക്കുന്നു |
| 54 | കക്കട്ട് ശശി ധരൻ | 002/229 | മണ്ണ് കയ്യാല, മഴകുഴി | മണ്ണ് കയ്യാല നശിച്ചുപോയിരിക്കുന്നു. മഴക്കുഴി നികത്തപെട്ടിരിക്കുന്നു |
| 55 | തെക്കേ മാര്യങ്ങട്ട്കദീശുമ്മ | 002/169 | മഴകുഴി | മഴകുഴി കാടു പിടിച്ചു കിടക്കുന്നു |
| 56 | കനാൽ നവീകരണ പ്രവൃത്തി wc:lc 211825 | | | നീളം -37m വീതി -6m |
| 57 | ഇരട്ടറോൽ താഴെ പനോളി തോട് സൈഡ് കെട്ടി സംരക്ഷണപ്രവൃത്തി wc:WH 32082 | | | നീളം -94m വീതി -50 cm ഉയരം -1.40 m |

***സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

പ്രവർത്തി ആരംഭിക്കുമ്പോൾ സ്ഥാപിക്കേണ്ടതായ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് രണ്ടാം വാർഡിലെ പരിശോധന നടത്തിയ 3 (WC-292316,WC-292032,WC-292299) പ്രവർത്തി പ്രദേശങ്ങളിൽ ഒരിടത്തും ഉണ്ടായിരുന്നില്ല. ഇവയുടെ അഭാവത്തിൽ പ്രവർത്തിയുടെ വിശദാശാംങ്ങളെക്കുറിച്ച് പൊതുജങ്ങൾക്ക് അറിവ് ലഭിക്കാതെ പോകുന്നു. WC 293003,WC-291943 എന്നി രണ്ട് പ്രവർത്തി കൾക്കും കൂടി ഒരു സൈറ്റ് ബോർഡ് ആണ് വെച്ചിരിക്കുന്നത് .അതിനെ ക്കുറിച്ച് മേറ്റ് പറഞ്ഞത് രണ്ടും ഒരേ പ്രവർത്തിയാണെന്നും ഘട്ടം വേറെ ആയതാണെന്നുമാണ്.ഇവ യഥാസമയം സ്ഥാപിക്കുന്നതിന് എ.എം. സി. അദ്ധ്യായം-10.6 അനുസരിച്ച് വീഴ്ച സംഭവിക്കുരുത്.

**സൈറ്റ് സന്ദർശിച്ചപ്പോൾ തൊഴിലാളികളിൽ നിന്നും ലഭിച്ച വിവരങ്ങൾ**

- തൊഴിലിന് അപേക്ഷിച്ചിട്ട് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുന്നുണ്ടങ്കിലും 15 ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നില്ല.
- തൊഴിലാളികൾക്ക് തൊഴിൽ കാർഡ് മാത്രമാണ് സൗജന്യമായി ലഭിച്ചത് അതിൽ പതിപ്പിച്ച ഫോട്ടോ അവർ സ്വന്തം ചിലവിൽ എടുത്തതാണ്.
- തൊഴിലാളികൾക്ക് ആവശ്യമായ പ്രാഥമിക ശ്രുശൂഷ കിറ്റ്, ഷീറ്റ്, കുടം വെള്ളത്തിനുള്ള പാത്രം, കൈയ്യൊറ, മാസ്ക്ക് എന്നിവ സ്വന്തം കൈയിൽ നിന്ന് എടുത്ത് വാങ്ങാറാണ് തൊഴിലാളികൾ.
- യാത്രാ ചിലവ്, ചികിത്സാ ചിലവ് എന്നിവ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടും ലഭിച്ചിട്ടില്ല.

- തൊഴിലുറപ്പിന് വേണ്ടി ഒരു ഗ്രാമസഭ നടത്താറില്ല പൊതു ഗ്രാമസഭയിൽ ഒരു അജണ്ട എന്ന നിലയിൽ തൊഴിലുറപ്പ് കാര്യം പറയാറാണ്, ആയതിനാൽ തൊഴിലാളികൾക്ക് അവരുടെ പ്രശ്നങ്ങൾ പറയാൻ ഒരു വേദി ലഭിക്കാറില്ല.

**ചികിത്സാ ചിലവ് സംബന്ധിച്ച്**

- വാർഡ് 2 ലെ റസാഖ് (2/218) കയ്യിൽ കല്ല് വീണ് ആശുപത്രിയിലാവുകയും ചികിത്സ നൽകുകയും ചെയ്തു. ചികിത്സാ ചിലവിനുള്ള അപേക്ഷ നൽകിയെങ്കിലും ഇതുവരെ നഷ്ടപരിഹാരം ലഭ്യമായിട്ടില്ല.(wc 29 2023)
- വാർഡ് 2 ലെ ലക്ഷ്മിക്കുട്ടി (2/67) കനാലിൽ പണിയെടുത്തു കൊണ്ടിരിക്കുമ്പോൾ കുപ്പിച്ചില്ല് നട്ട് എം.എം.സി ആശുപത്രിയിൽ ചികിത്സിച്ചിട്ടുണ്ട്. ചികിത്സാ ചിലവ് ലഭ്യമാകുന്നതിന് അപേക്ഷ നൽകിയെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.
- ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സാ ചിലവ് ലഭ്യമാകുകയുള്ളൂ എന്നാണ് മിക്ക
- തൊഴിലാളികളുടെയും ധാരണ

## 28/10/2019ന് നടന്ന ഗ്രാമസഭയുടെ തീരുമാനങ്ങൾ

അത്തോളി പഞ്ചായത്ത് 2ആം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭ 28/10/2019 തിങ്കളാഴ്ച ഉച്ചയ്ക്ക് 3.30നു കൂമുള്ളി വായനശാലയിൽ വെച്ച് നടന്നു. ഗ്രാമസഭയിൽ  125തൊഴിലാളി കളും, വാർഡ് മെമ്പറും പഞ്ചായത്ത് പ്രെസിഡന്റുമായ ശ്രീ ചിറ്റൂർ രവീന്ദ്രൻ, അക്രെഡിറ്റഡ് എൻജിനിയറായ ശ്രീമതി രജിഷ. കെ (എംജി എൻ ആർ ഇ ജി എ ), വടകര ബി ആർ  ശ്രീ പി അംജദ്, വി ആർ പി മാർ തുടങ്ങി 137പേർ പങ്കെടുത്തു.  ഗ്രാമസഭ കൃത്യം 3 30ന് തുടങ്ങി ശ്രീ ചിറ്റൂർ രവീന്ദ്രൻ സർ സ്വാഗതം പറഞ്ഞു. വി ആർ പി അനുശ്രീ പ്രതിജ്ഞ ചൊല്ലി. ബി ആർ പി ശ്രീ അംജദ് ആമുഖവതരണം നടത്തി.തൊഴിലാളിയായ ശ്രീമതി കാർത്തി കെ. എം അദ്ധ്യക്ഷ സ്ഥാനം നിർവഹിച്ചു.  വി ആർ പി മാർ സ്വയം പരിചയപ്പെടുത്തി. തൊഴിലാളികളുടെ പത്തു അവകാശങ്ങളും അവരുടെ കടമകളും വി ആർ പി അഖില വിശദീകരിച്ചു. തുടർന്ന് റിപ്പോർട്ട് അവതരണത്തിൽ ഫയലുകളെ കുറിച്ച് വി ആർ പി അഞ്ജന യും ഫീല്ഡിനെകുറിച്ചു വി ആർ പി കാവ്യകൃഷ്ണയും വ്യക്ത മാക്കി. റിപ്പോർട്ട് അവതരണത്തിന് ശേഷം തൊഴിലാളികൾ അവരുടെ സംശയങ്ങൾ ചോദിക്കുകയും ചർച്ച നടത്തുകയും ചെയ്തു.. ചോദ്യങ്ങൾ ചോദിച്ച തൊഴിലാളികളുടെ പേരും തൊഴിൽകാർഡ് നമ്പറും വി ആർ പിമാർ  രേഖപ്പെടുത്തി വെച്ചു.

*ചികിത്സാചെലവ് ലഭ്യ മാകാത്തതിനെ സംബന്ധിച്ചാണ് ആദ്യ ചർച്ച നടന്നത് ഫീൽഡ് വെരിഫിക്കേഷന്നിൽ രേഖപ്പെടുത്തിയ റസാഖ്(2/218), ലക്ഷ്മികുട്ടി(2/67), എന്നിവരെ കൂടാതെ സുശീല(2/29)( കഴിഞ്ഞവർഷത്തെ പണിയിൽ),കമല(2/52)( ഈ  വർഷം സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്),സുമ( സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.) എന്നിവരും ചികിത്സാച്ചെലവിന് സംബന്ധിച്ച് പരാതിപ്പെട്ടു.

*അതിനുശേഷം തൊഴിലാളികൾ എല്ലാംതന്നെ കൂലി വൈകുന്നതിനെ സംബന്ധിച്ച് പരാതി പറഞ്ഞു.

*തൊഴിലാളികൾക്ക് എത്ര മേറ്റ് വേണമെന്ന് അനിത എന്ന തൊഴിലാളി ചോദിച്ചു .

*V.M.Cമാർ സൈറ്റ് സന്ദർശിച്ച ശേഷം മാത്രം ഒപ്പിട്ടു നൽകണം എന്ന് ടി കെ കരുണാകരൻ എന്ന വ്യക്തി അഭിപ്രായപ്പെട്ടു.

*ഒരു പഞ്ചായത്തിൽ നിന്നും മറ്റൊരു പഞ്ചായത്തിൽ പോയി പണി ചെയ്യാൻ സാധിക്കുമോ എന്ന് ഒരു തൊഴിലാളി ചോദിച്ചു .ഇതിനു മറുപടിയായി ബിആർപി അംജദ് അങ്ങനെ ജോലി ചെയ്യാൻ സാധിക്കില്ലെന്ന് വിശദമാക്കി.

*ഉച്ചയ്ക്ക് വീട്ടിൽ പോയി വരാൻ പറ്റുമോ എന്ന് തൊഴിലാളികൾ മിക്കവരും ചോദിക്കുകയുണ്ടായി .

*അനിത എന്ന തൊഴിലാളി മേറ്റ് മാർക്ക് യാത്രാബത്ത ഉണ്ടോ എന്ന് ചോദിച്ചു അതിൻറെ മറുപടിയായി അംജദ് പറഞ്ഞത് അങ്ങനെ ഒരു തീരുമാനം വന്നിട്ടുണ്ട് അടുത്തുതന്നെ സാങ്ഷനാകുമെന്നാണ്.

*വിദഗ്ധ തൊഴിലാളികൾക്ക് അവിദഗ്ധ തൊഴിലാളികൾക്ക് കൂലി ലഭിക്കുന്ന സമയത്ത് കൂലി ലഭ്യമാകുന്നില്ല എന്നും ഒരുപാട് വൈകുന്നതായും പറഞ്ഞു.

ഇത്തരം പരാതികൾ ഒക്കെ ഉണ്ടായിട്ടും എത്രപേർ പഞ്ചായത്തിൽ തങ്ങളുടെ പരാതികൾ നേരിട്ട് എഴുതി നൽകിയിട്ടുണ്ട് എന്ന ചോദ്യം ബി.ആർ.പി അംജദ് ചോദിച്ചപ്പോൾ ആരുംതന്നെ ഇതുവരെയായി നേരിട്ട് അപേക്ഷിച്ചിട്ടില്ലെന്ന് പറഞ്ഞു. അതിനാൽ എല്ലാവരോടും നിർബന്ധമായും ഇനി തങ്ങളുടെ പരാതികൾ എഴുതി നൽകണം എന്നും അതിൻറെ നടപടികൾ അധികൃതരുമായി ചോദിച്ചറിയണമെന്നും ബി.ആർ.പി അംജദ് അവരോട് വിശദീകരിച്ചു.ഫസ്റ്റ് എയ്ഡ് ബോക്സിലെ സാധനങ്ങൾ തൊഴിലാളികൾ പിരിവിട്ടു വാങ്ങുന്നതും ,മേറ്റ് സ്വന്തം പൈസ എടുത്തു വാങ്ങുന്നതും തെറ്റായ പ്രവണതയാണെന്നും ഇവ ഏർപ്പാടാക്കി നൽകേണ്ടത് പഞ്ചായത്ത് ആണെന്നും അംജദ് തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു .

ചർച്ചയ്ക്ക് ശേഷം A.E രജിഷ ചോദ്യങ്ങൾക്ക് മറുപടി നൽകി

*വൃത്തിഹീനമായ സാഹചര്യത്തിൽ തൊഴിലാളികൾ ജോലി ചെയ്യേണ്ടിവന്നു എന്ന് ഫീൽഡ് വെരിഫിക്കേഷനിൽ കണ്ടെത്തിയ കാര്യത്തിനാണ് A.E ആദ്യം മറുപടി നൽകിയത്. അത്തരത്തിൽ ഒരു പണി രണ്ടാം വാർഡിൽ നടന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല എന്നും. ഒന്നാം വാർഡിൽ അത്തരത്തിൽ വയലിൽ ഒരു പണി ഉണ്ടായിരുന്നു എങ്കിലും ഞങ്ങളുടെ ശ്രദ്ധയില് എത്തിയപ്പോൾ ഒഴിവാക്കിയിട്ടുണ്ട് എന്നും അറിയിച്ചു ആരെയും അത്തരത്തിൽ പണിയെടുക്കാൻ നിർബന്ധിക്കാറില്ല എന്നും കൂട്ടിച്ചേർത്തു.

*മെഡിക്കൽ കിറ്റിലെ സാധനങ്ങൾക്ക് എഡിഎസ് അക്കൗണ്ടിലെ പൈസ നൽകുമെന്ന് മാറ്റ് മാരുടെ മീറ്റിംഗിൽ പറഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ തൊഴിലാളികളിലേക്ക് മേറ്റുമാർ എത്തിക്കാത്തതാണ് ഇങ്ങനെയുള്ള പരാതികൾ വരുന്നതിനു കാരണം എന്ന് A.E പറഞ്ഞു.

*മൂന്നു വർക്കിന്റെ സൈറ്റ് ബോർഡ് ഇല്ലാത്തത് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ ആണെന്നും .പെട്ടെന്നുതന്നെ സൈറ്റ് ബോർഡ് വെക്കാൻ ഉള്ള നടപടി ഉണ്ടാകുമെന്നും A.E വിശദമാക്കി.

*ഉച്ചയ്ക്ക് വീട്ടിൽ ഭക്ഷണം കഴിക്കാൻ പോവാമോ എന്ന തൊഴിലാളികളുടെ ചോദ്യത്തിന് A.E പറഞ്ഞത് പലപ്പോഴും സമയം കഴിഞ്ഞിട്ടും തൊഴിലാളികളെ പുറത്തുനിന്നും കാണുവാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടെന്നും കൃത്യസമയത്തിന് തൊഴിലാളികൾ തിരിച്ചു സൈറ്റിൽ

എത്താറില്ലെന്നും ആണ്.

*ചികിത്സാചെലവ് സംബന്ധിച്ച പരാതികളിൽ പണികഴിഞ്ഞ് പെട്ടെന്ന് തന്നെ പൂരിപ്പിച്ച സൈറ്റ് ഡയറിയും അപേക്ഷയും ബില്ലും സഹിതം കൊണ്ടുവന്നാൽ ചികിത്സാചെലവ് ലഭ്യമാക്കാമെന്നാണ് A.E നൽകിയ മറുപടി.

തുടർന്ന് റിപ്പോർട്ട് കയ്യടിച്ചു പാസാക്കി.5.15ന്ശ്രീമതി ലീനയുടെ നന്ദിയോടുകൂടി സഭ അദ്ധ്യക്ഷ പിരിച്ചുവിട്ടു.

**നിർവ്വഹണ ഉദ്യോഗസ്ഥർക്കായുള്ള നിർദ്ദേശങ്ങൾ**

- മസ്റ്റർ റോളിൽ ബി ഡി ഓ ഉപ്പും സീലും പതിപ്പിക്കുന്നതിനോടൊപ്പം തീയതി കൂടി ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- അക്കൗണ്ടൻറ്, ഡി. ഇ. ഒ . അക്രിഡിറ്റഡ് എൻജിനീയർ, ഓവർസിയർ,മേറ്റുമാർ സെക്രട്ടറി,അസിസ്റ്റൻറ് സെക്രട്ടറിമസ്റ്റർ റോളിൽ ഒപ്പിനും സീലിനും ഒപ്പം തീയതി കൂടി ചേർക്കുവാൻ ശ്രദ്ധിക്കുക.
- ഏഴു രജിസ്റ്ററുകൾ, എം. ബുക്ക് എന്നിവ സാക്ഷ്യപ്പെടുത്തി ആധികാരികത ഉറപ്പു വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.
- ചികിത്സാചിലവുകൾ കൃത്യമായി അനുവദിക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കുക.
- ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സാധിക്കുന്ന വർക്കുകൾക്ക് അനുസൃതമായി ഷെൽഫ് പ്രൊജക്റ്റ് കണ്ടെത്തി വയ്ക്കുക.
- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക. ആറുമാസത്തിലൊരിക്കൽ പുന:സംഘടിപ്പിക്കുകയും ചെയ്യുക.
- നിർവഹണ ഉദ്യോഗസ്ഥർ (അക്കൗണ്ടൻറ്/ ഡി. ഇ. ഒ . അക്രിഡിറ്റഡ് എൻജിനീയർ, ഓവർസിയർ)വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർ സർക്കുലറിൽ പറയുന്ന പ്രകാരമുള്ള 22 ഡോക്യൂമെന്റ്സ് ഉണ്ടെന്ന് ഉറപ്പ് വരുത്തി പ്രവൃത്തി ഫയൽ തയ്യാറാക്കുക.
- സൈറ്റ് ഡയറി കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും മേറ്റ് മാർക്ക് നിർദേശം നൽകുക.
- മസ്റ്റർ റോൾ തൊഴിലിടങ്ങളിൽ എത്തിച്ചു പ്രോജക്ട് ഇനീഷ്യേറ്റീവ് മീറ്റിംഗ് കൂടി പണി ആരംഭിക്കുന്നതിന് സഹായിക്കുക
- കൃത്യമായ ഇടവേളകളിൽ തൊഴിലിടം സന്ദർശിച്ച ചെയ്ത തൊഴിൽ അളന്ന് എം ബുക്കിൽ രേഖപ്പെടുത്തുക.
- ഡിമാൻഡ് അനുസരിച്ച് തൊഴിൽ നൽകുക.
- തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.

**മേറ്റുനുള്ള നിർദ്ദേശങ്ങൾ**

- മസ്റ്റർ റോൾ കൃത്യമായി ഒപ്പ് വെപ്പിക്കുക ഹാജരാകാത്തവരുടെ വിവരം അടയാളപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിൽ ദിനങ്ങളുടെ തീയതി അടയാളപ്പെടുത്തുക.
- സൈറ്റ് ഡയറി പൂർണ്ണമായും പൂരിപ്പിക്കുക.
- തൊഴിൽ സൈറ്റുകളിൽ വെച്ച് അപകടം നടന്നിട്ടുണ്ടെങ്കിൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യുക
- നിശ്ചിത അളവിലും ഗുണനിലവാരത്തിലും ജോലി ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

**വിവരങ്ങൾ ലഭ്യമാക്കിയ ഉദ്യാഗസ്ഥർ**

അത്തോളി പഞ്ചായത്ത് പ്രസിഡന്റ്, രണ്ടാം വാർഡ് മെമ്പർ, സെക്രട്ടറി, ഓവർസിയർ, എ.ഇ.ഒ, അസിസ്റ്റന്റ് സെക്രടറി, ഡാറ്റ എൻട്രി ഓപ്പറേറ്റേഴ്സ്, കുടുംബശ്രീ സെഷനിൽ ഉള്ളവർ, രണ്ടാം വാർഡ് എ.ഡി.എസ്

**വിവരങ്ങൾ ലഭ്യമാക്കിയ തൊഴിലാളികൾ**

* കാർത്തി -2/12

* മീനാക്ഷി- 2/42

* ജയശ്രീ -2/74

* ബിന്ദു -2/93

* സവിജ- 2/04

* രജില -2/21

* ചെക്കിണി-2/10

* കല്യാണി അമ്മ -2/66

* കമല - 2/52

* പ്രസന്ന - 2/64

* സുശീല - 2/29

* സബിത -2/339

**വിവരങ്ങൾ ലഭ്യമാക്കിയ മെറ്റുമ്മാർ**

* സുമ ,ശാലിനി, ഷക്കീന, ലീന, ജിജ, രമ, രജില.

അത്തോളി ഗ്രാമപഞ്ചായത്ത് വാർഡ് 2 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കരട് റിപ്പോർട്ട് തയ്യാറാക്കിയത്

ആതിര,അനുശ്രീ,അലീന,അക്ഷയ,അഖില,കൃഷ്ണപ്രിയ,കാവ്യ,ഹരിത,അഞ്ജന(ബാലുശ്ശേരി ബ്ലോക്ക് രണ്ടാം ഗ്രൂപ്പ്)